## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1074 — 11.07.2011-ൽ മറുപടിയ്ക്ക്

### ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ബി.പി.ഒ.മാരെ നിയമിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നത് പ്രകാരം ബ്ലോക്ക് ലെവലിൽ പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ബി.പി.ഒ.മാരുടെ നിയമനം ഏതൊക്കെ ജില്ലകളിൽ എത്രയെണ്ണം വീതം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) വയനാട് ജില്ലയിൽ മൂന്നും പാലക്കാട് ജില്ലയിൽ പതിമൂന്നും ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മറ്റു ബ്ലോക്കുകളിൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാർക്ക് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. |
| (ബി) ബി.ഡി.ഒ.മാർക്ക് ബി.പി.ഒ. യുടെ അധിക ചുമതല നൽകുന്നത് പദ്ധതിയുടെ ഗതിവേഗം കുറയ്ക്കുന്നത് കണക്കിലെടുത്ത് സ്വതന്ത്ര ചുമതലയുള്ള ബി.പി.ഒ.മാരെ ജോയിന്റ് ബി.ഡി.ഒ.യിൽ നിന്നും സ്ഥാനക്കയറ്റം നൽകി അടിയന്തിരമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ